**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/032/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 09 -07- 2025**

| | | |
|---|---|---|
| പരാതിക്കാരൻ | : | സെക്രട്ടറി<br>ബദിയടുക്ക ഗ്രാമപഞ്ചായത്ത്<br>പെർഡാല പി.ഒ<br>കാസർകോട് - **671551** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കാസർകോട് (ജില്ല) |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ഈ കേസ് എണിയാർപ്പ് കുടിവെള്ള വിതരണ സ്കീമിന്റെ കുടിശ്ശികയെക്കുറിച്ചാണ്. ഉപഭോക്തൃ നമ്പർ **1168187013528** ആയ കണക്ഷൻ ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കുടിവെള്ള വിതരണ പദ്ധതിയ്ക്ക് വേണ്ടി നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് നടപ്പിലാക്കിയ ഈ കുടിവെള്ള പദ്ധതിയ്ക്കുള്ള കറന്റ് ചാർജ് ഉപഭോക്താക്കളിൽ നിന്ന് പഞ്ചായത്ത് ഈടാക്കി **KSEBL** ന് അടയ്ക്കുകയാണ് ചെയ്തു വന്നിരുന്നത്. എന്നാൽ ഒരു ഉപഭോക്തൃ സമിതിയുണ്ടാക്കുക്കുകയും **2010** ൽ ഈ പദ്ധതി ആ സമിതിയ്ക്ക് കൈമാറ്റം

ചെയ്യുകയും ചെയ്തു. 06/2006 മുതൽ 07/2008 വരെയുള്ള കാലയളവിൽ യഥാസമയം കറന്റ് ചാർജ് അടയ്ക്കാത്തതിനാൽ 2,62,814 രൂപ കുടിശ്ശികയും അതിന്റെ പലിശ 10,38,076/- രൂപയും ചേർത്ത് 13,00,890/- രൂപ ഇപ്പോൾ കുടിശ്ശികയായി കാണുന്നു. ലൈസൻസി ഇത് ഈടാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് നോട്ടീസ് നൽകിയതിനെ ചോദ്യം ചെയ്തു പഞ്ചായത്ത് CGRF ൽ പരാതി നൽകുകയുണ്ടായി. CGRF നടപടിക്രമങ്ങൾ പൂർത്തിയാക്കി 01/04/2025 ൽ ഉത്തരവിറക്കി. CGRF ന്റെ ഉത്തരവിൽ മേലുള്ള അപ്പീലായിട്ടാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏണിയാർപ്പ് കുടിവെള്ള പദ്ധതി (കൺസ്യൂമർ നമ്പർ. 1168187013528) ഗുണഭോക്തൃ സമിതിയുടെ ചുമതലയിലാണ് നടക്കുന്നത്. വൈദ്യുതി ചാർജ്ജ് അടക്കേണ്ടതും മെയിന്റനൻസും ഗുണഭോക്തൃ സമിതിയുടെ ചുമതലയിലാണ്. 2010 ൽ ആണ് ഗുണഭോക്തൃ സമിതിക്ക് ചുമതല കൈമാറുന്നത്. കൈമാറുന്ന സമയത്ത് വൈദ്യുത ചാർജ് കുടിശ്ശിക ഉണ്ടായിരുന്നില്ല. ഗുണഭോക്തൃ സമിതി കൃത്യമായി വൈദ്യുത ചാർജ് അടയ്ക്കുന്നുണ്ട്. എന്നാൽ സൂചന (5) ൽ ഗുണഭോക്തൃ സമിതിയ്ക്ക് കുടിശ്ശിക നോട്ടീസും ഡിസ്കണക്ഷൻ നോട്ടീസും അയക്കുകയുണ്ടായി. തുടർന്ന് ഡിസ്കണക്ഷൻ നടത്തുകയും ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കുകയും ചെയ്തു. 18 വർഷങ്ങൾക്കു ശേഷം നൽകിയ കുടിശ്ശിക ബിൽ സംബന്ധിച്ച് വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയതുമില്ല. ഈ ഓഫീസിൽ നിന്ന് കത്ത് നൽകിയിട്ടും ബിൽ നൽകിയിരുന്നില്ല. വിശദാംശങ്ങൾ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. വീണ്ടും ഡിസ്കണകഷൻ നടത്തുകയും ബഹുമാനപ്പെട്ട ജില്ലാ കളക്ടർ വീണ്ടും ഇടപെട്ട് കണക്ഷൻ പുനഃസ്ഥാപിക്കുകയും ചെയ്തിരിക്കുകയാണ്.

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ സമിതിക്ക് യഥാസമയം ബിൽ നൽകാതെ 18 വർഷം മുമ്പുള്ള കുടിശ്ശികയാണെന്നുള്ള രീതിയിൽ ബിൽ നൽകുകയും കുടിവെള്ള വിതരണം മുടക്കുകയും ചെയ്യുന്ന നടപടിയാണ് ഉണ്ടായിരിക്കുന്നത്. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ KSEB യിൽ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമായ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും 2006 ജൂൺ മാസത്തെ ബിൽ തുക 90440/- രൂപയും 2007 ജൂൺ മാസത്തെ ബിൽ തുക 50814/ രൂപയുമാണ്. എന്നാൽ ഈ കാലയളവിലെ

മറ്റ് മാസങ്ങളിൽ (**2006** ജൂലൈ മുതൽ **2007** മെയ് വരെ ) **2600/-** രൂപയിൽ കുറവാണ് പ്രതിമാസ ബിൽ തുക. ആയതിനു ശേഷമുള്ള **4** മാസങ്ങളിലെ (**2007** ജൂലൈ മുതൽ **2007** ഒക്ടോബർ വരെ) ബിൽ തുക **380/-** രൂപയും നവംബർ മാസത്തെ മാത്രം ബിൽ തുക **35572/-** രൂപയുമാണ്. ആയതിനാൽ വൈദ്യുതി പരാതി പരിഹാര ന്യായ സഭ മുമ്പാകെ പരാതി സമർപ്പിച്ചിരുന്നു. എന്നാൽ പരാതി തള്ളിയതായി ഉത്തരവായിട്ടുള്ളതാണ്.

പരാതി തള്ളുന്നതിന് വൈദ്യുതി പരാതി പരിഹാര ന്യായ സഭ കണ്ടെത്തിയിരിക്കുന്ന കാരണങ്ങൾ വസ്തുതാപരമല്ല. **12.09.2024** ന് ഇമെയിൽ മുഖേനയും രജിസ്റ്റേർഡ് തപാൽ മുഖേനയും ഈ ഓഫീസിൽ നിന്ന് പരാതി സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ **13.09.2024** ന് ഫോറത്തിൽ നിന്ന് ഇമെയിൽ വഴി ഫോറം കൂടി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതു പ്രകാരം **14.09.2024** ന് തന്നെ ഫോറം **A** പരാതി പരിഹാര ന്യായ സഭയ്ക്ക് ഇമെയിൽ മുഖേന സമർപ്പിച്ചിരുന്നു. ഇതു സംബന്ധമായ രേഖകൾ ഹിയറിംഗ് സമയത്ത് ഹാജരാക്കുന്നതാണ് എന്ന് ബോധിപ്പിക്കുന്നു. തുടർന്ന് **2025** മാർച്ച് വരെ ഇതു സംബന്ധമായി ഏതെങ്കിലും തരത്തിലുള്ള അറിയിപ്പുകളോ ഹിയറിംഗ് നോട്ടീസോ ഈ ഓഫീസിൽ ലഭ്യമായിട്ടില്ല. അസാധാരണമായ കാലവിളംബമാണ് ഇക്കാര്യത്തിൽ ഫോറത്തിന്റെ ഭാഗത്തു നിന്ന് സംഭവിച്ചിരിക്കുന്നത്. തുടർന്ന് ഫോൺ സന്ദേശം വഴി ആവശ്യപ്പെട്ടതനുസരിച്ച് **2025** മാർച്ച് **4** ന് ഫോറം **A** ഓഫീസിൽ നിന്ന് **Re sent** ചെയ്യുകയാണ് ഉണ്ടായത്. അപ്പോൾ **04.03.2025** ഡേറ്റ് വച്ച് പുതിയ ഫോറം സമർപ്പിക്കണമെന്ന് ഫോൺ സന്ദേശം വഴി ആവശ്യപ്പെട്ടു. വൈദ്യുതി പരാതി പരിഹാര ന്യായ സഭയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മറച്ചു പിടിക്കുന്നതിനാണ് വീണ്ടും ഫോറം **A** നൽകണമെന്ന് നിർബന്ധം പിടിച്ചത്. അത് ഉപഭോക്താവ് എന്ന നിലയിൽ യഥാസമയം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട പരാതി പരിഹാരം ലഭ്യമാക്കാത്ത അവസ്ഥയ്ക്ക് കാരണമായി.

പിന്നീട് **27.03.2025** രാവിലെ **11** മണിക്ക് കോഴിക്കോട് വച്ച് ഹിയറിംഗ് നടത്തുന്നതായി ഉള്ള രജിസ്റ്റേർഡ് അറിയിപ്പ് ഈ ഓഫീസിൽ ലഭിക്കുന്നത് **2** ദിവസം മുമ്പാണ്. അപ്പോൾ തന്നെ ഫോണിൽ വിളിച്ച് ആ ദിവസം ഹിയറിംഗിന് ഹാജരാകുന്നതിനുള്ള ബുദ്ധിമുട്ട് അറിയിക്കുകയും ഒരു അവധി കൂടി നൽകുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തതാണ്. ഫോണിൽ സംസാരിച്ച വ്യക്തി ഇത് പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് ഇമെയിൽ ആയി അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

എന്നാൽ അപേക്ഷ നിരസിച്ചതായി ഒരറിയിപ്പും ലഭ്യമായില്ല. മാത്രമല്ല ഫോണിൽ സംസാരിച്ച വ്യക്തി അനുകൂലമായാണ് സംസാരിച്ചത്.

**27.03.2025** സാമ്പത്തിക വർഷത്തെ ഏറ്റവും തിരക്കുള്ള അവസാന ദിവസങ്ങളിലൊന്നാണ്. **100%** നികുതി പിരിവ്, പദ്ധതി നിർവ്വഹണം തുടങ്ങിയ കാര്യങ്ങൾ രാപകൽ പണിയെടുത്താണ് പൂർത്തീകരിക്കുന്നത്. ആ സ്ഥിതിയിൽ ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥലത്തു നിന്ന് മാറി നിൽക്കുന്നത് എല്ലാ പ്രവർത്തനങ്ങളെയും അവതാളത്തിലാക്കും. കർണാടക അതിർത്തിയിലുള്ള കന്നട ന്യൂനപക്ഷ മേഖലയിലുള്ള ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ കുറവ് വലിയ തോതിലുണ്ട്. അതുകൊണ്ട് തന്നെ സാമ്പത്തിക വർഷം അവസാനം വൈദ്യുതി പരാതി പരിഹാര ന്യായ സഭയ്ക്ക് മുന്നിൽ കാര്യങ്ങൾ അവതരിപ്പിക്കാനാവുന്ന മറ്റേതെങ്കിലും ജീവനക്കാരനെ ചുമതലപ്പെടുത്താനും കഴിയുമായിരുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ വൈദ്യുതി പരാതി പരിഹാര ന്യായ സഭ എതിർകക്ഷിയുടെ സ്വാധീനത്തിൽ വഴങ്ങി നീതിപൂർവ്വമല്ലാത്ത തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ബദിയടുക്ക ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളിൽ നിന്ന് കറണ്ട് ചാർജ് ഈടാക്കിയതായും അതിനാൽ കറണ്ട് ചാർജ് അടക്കുന്നതിന് ബാധ്യസ്ഥമാണെന്നുമുള്ള കണ്ടെത്തൽ നടത്തുന്നത് വസ്തുതാപരമല്ലെന്നു മാത്രമല്ല ആ തരത്തിൽ തീരുമാനത്തിൽ എത്തുന്നതിന് ഈ ഫോറത്തിന് അധികാരമില്ലാത്തതാണ്. പരാതിക്കാരൻ ഹാജരാക്കില്ലെന്ന് അറിഞ്ഞുകൊണ്ട് എതിർകക്ഷി ഹാജരാക്കിയില്ലെന്ന് ഉത്തരവിൽ പറയുന്നു. ഇതിൽ നിന്നു തന്നെ ഇത്തരം ഒരു ഫോറത്തിൽ നിന്ന് പ്രതീക്ഷിക്കുന്ന നീതി ബോധം പുലർത്തിയില്ലെന്നും പക്ഷപാതപരമാണെന്നും തെളിയിക്കുന്നു.

ഈ ഫോറത്തിന്റെ തീരുമാനങ്ങളാകെ പക്ഷപാതപരവും കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയും പരാതി യഥാസമയം പരിഹരിക്കുന്നതിന് ഫോറത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയും മറച്ചു വെക്കുന്നതിനും ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാക്കുന്ന തരത്തിലുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ഈ അപ്പീൽ പരിഗണിച്ച് താഴെപറയുന്ന പരിഹാരം ഉണ്ടാവണമെന്ന് അപേക്ഷിക്കുന്നു.

1. അപ്പീലിനാധാരമായ വൈദ്യുതി പരാതി പരിഹാര ന്യായ സഭയുടെ സൂചന (1) ഉത്തരവ് റദ്ദാക്കുക.

2. ഉപഭോക്താവ് ഒരു തരത്തിലും ഉത്തരവാദിയല്ലാത്ത വിഷയത്തിൽ ജനങ്ങളെ ദുരിതത്തിലാക്കുന്ന രീതിയിൽ ഏണിയാർപ്പ് കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടി ആവർത്തിക്കരുതെന്ന് കെ.എസ്.ഇ.ബി യ്ക്ക് നിർദ്ദേശം നൽകണം.
3. ഒരു തരത്തിലുള്ള രേഖകളുടെ പിൻബലവുമില്ലാതെ 18 വർഷങ്ങൾക്കു ശേഷം നൽകിയിട്ടുള്ള ബില്ലും ഡിസ്കണക്ഷൻ നോട്ടീസും റദ്ദാക്കണം.

## എതിർകക്ഷിയുടെ വാദം

ബി എം ഇബ്രാഹിം, സെക്രട്ടറി, യെനിയാർപ്പു ഡ്രിങ്കിങ് വാട്ടർ സപ്ലൈ സ്കീം, ബേല എന്ന പേരിൽ LT IA താരിഫിൽ ആണ് ടി സർവ്വീസ് കണക്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി സർവ്വീസ് കണക്ഷൻ ആദ്യം ബദിയടുക്ക സെക്ഷന്റെ കീഴിലായിരുന്നു. ടി കൺസ്യൂമർ 2,62,814 രൂപ പ്രിൻസിപ്പൽ എമൗണ്ട് ഇനത്തിലും 10,38,076 രൂപ സർചാർജ്ജു ഇനത്തിലുമായി (17.06.2006 മുതൽ 06.05.2025 വരെ) ആകെ 13,00,890 രൂപ കെ.എസ്.ഇ ബി യിലേയ്ക്ക് അടക്കാനുണ്ട് . 17.06.2006 - മുതൽ 14.07.2008 വരെയുള്ള കാലയളവിലെ കറന്റ് ചാർജ്ജ് സമയാസമയങ്ങളിൽ അടക്കാത്തതിനാൽ അതിനോടനുബന്ധമായി വന്ന കറന്റ് ചാർജ്ജിന്റേയും സർ ചാർജ്ജിന്റേയും ഡിമാൻഡ് നോട്ടീസാണ് ടി കൺസ്യൂമറിന് നൽകിയിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ബദിയടുക്ക പഞ്ചായത്ത് മാസം തോറും ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് വാങ്ങി - KSEB ഓഫീസിൽ അടക്കന്ന രീതിയാണ ഉണ്ടായിരുന്നത് എന്ന് ഗുണഭോക്താക്കൾ സീതാംഗോളി സെക്ഷനിൽ അറിയിക്കുകയും അതിലേക്കായി ബദിയടുക്ക പഞ്ചായത്ത് സെക്രട്ടറി നൽകിയ PIC കാർഡ് (Provisional Invoice Card) തെളിവിലേക്കായി നല്കിയിട്ടുള്ളതുമാണ്.

ആയതിനാൽ കുടിശികയായ തുക KSEBL ൽ അടക്കുവാൻ ബദിയടുക്ക ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥരാണ് എന്ന് ഫോറം മുൻപാകെ അറിയിച്ച കൊള്ളുന്നു.

## പരാതിക്കാരന്റെ എതിർവാദം

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏണിയാർപ്പ് കുടിവെള്ള പദ്ധതി (കൺസ്യൂമർ നമ്പർ. 1168187013528) ഗുണഭോക്തൃ സമിതിയുടെ ചുമതലയിലാണ് നടക്കുന്നത്. വൈദ്യുതി ചാർജ്ജ്

അടക്കേണ്ടതും മെയിന്റനൻസും ഗുണഭോക്തൃ സമിതിയുടെ ചുമതലയിലാണ്. **2010** ൽ ആണ് ഗുണഭോക്തൃ സമിതിക്ക് ചുമതല കൈമാറുന്നത്. കൈമാറുന്ന സമയത്ത് വൈദ്യുത കുടിശ്ശിക ഉണ്ടായിരുന്നില്ല. ഗുണഭോക്തൃ സമിതി കൃത്യമായി വൈദ്യുത ചാർജ് അടയ്ക്കുന്നുണ്ട്. എന്നാൽ **Order No.Dcksgd/13350/0-3-K1dt 27/12/2023 of Honor District Collector**ൽ ഗുണഭോക്തൃ സമിതിയ്ക്ക് കുടിശ്ശിക നോട്ടീസും ഡിസ്കണക്ഷൻ നോട്ടീസും അയക്കുകയുണ്ടായി. തുടർന്ന് ഡിസ്കണക്ഷൻ നടത്തുകയും ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പുനസ്ഥാപിക്കുകയും ചെയ്തു.

**18** വർഷങ്ങൾക്കു ശേഷം നൽകിയ കുടിശ്ശിക ബിൽ സംബന്ധിച്ച് വിശംദാംശങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയതുമില്ല. ഈ ഓഫീസിൽ നിന്ന് കത്ത് നൽകിയിട്ടും ബിൽ നൽകിയിരുന്നില്ല. സീതാംഗോളി **KSEB** ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസ്സി എഞ്ചിനീയറുടെ **31.08.202** ലെ **NO.BB/STGCY/ConNo.1168187013528/Details/2024/25/83** നമ്പർ കത്തിൽ വിശദാംശങ്ങൾ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. വീണ്ടും **LETTER NO: BB/DC notice/STNGLI/Con No.1168187013525/6897 05/08/2024** പ്രകാരം ഡിസ്കണകഷൻ നടത്തുകയും ബഹുമാനപ്പെട്ട ജില്ലാ കളക്ടർ വീണ്ടും ഇടപെട്ട് കണക്ഷൻ പുനഃസ്ഥാപിക്കുകയും ചെയ്തിരിക്കുകയാണ്.

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ സമിതിക്ക് നൽകാതെ **18** വർഷം മുമ്പുള്ള കുടിശ്ശികയാണെന്നുള്ള രീതിയിൽ ബിൽ നൽകുകയും കുടിവെള്ള വിതരണം മുടക്കുകയും ചെയ്യുന്ന നടപടിയാണ് ഉണ്ടായിരിക്കുന്നത്. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ **KSEB** യിൽ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. പെറ്റിഷൻ നമ്പർ **PO32/2025** ലഭ്യമായ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും **2006** ജൂൺ മാസത്തെ ബിൽ തുക **90440/-** രൂപയും **2007** ജൂൺ മാസത്തെ ബിൽ തുക **50814/-** രൂപയുമാണ്. എന്നാൽ ഈ കാലയളവിലെ മറ്റ് മാസങ്ങളിൽ **(2006** ജൂലൈ മുതൽ **2007** മെയ് വരെ **)** **2600/-** രൂപയിൽ കുറവാണ് പ്രതിമാസ ബിൽ തുക. ആയതിനു ശേഷമുള്ള **4** മാസങ്ങളിലെ **(2007** ജൂലൈ മുതൽ **2007** ഒക്ടോബർ വരെ) ബിൽ തുക **380/-** രൂപയും നവംബർ മാസത്തെ മാത്രം ബിൽ തുക **35572/-** രൂപയുമാണ്. ആയതിനാൽ ഒരു തരത്തിലുള്ള രേഖകളുടെ പിൻബലവുമില്ലാതെ **18** വർഷങ്ങൾക്കു ശേഷം നൽകിയിട്ടുള്ള ബില്ലും ഡിസ്കണക്ഷൻ നോട്ടീസും റദ്ദാക്കണം എന്ന് അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **24/06/2025**-ന് രാവിലെ **11:30**-ന് സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസ്, ഡി.എച്ച് റോഡ് എറണാകുളത്ത് വെച്ച് നടന്നു. പരാതിക്കാരനെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ.എം.എ സുനിൽ ശർമ്മൻ, ബദിയഡുക്ക ഗ്രാമപഞ്ചായത്ത് എതിർ കക്ഷിയായ ശ്രീ.രവീന്ദ്രൻ.എൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കാസർകോട്, ശ്രീ. വിനോദ് കുമാർ, നോഡൽ ഓഫീസർ, ഇലക്ട്രിക്കൽ സർക്കിൾ, കാസർകോട് എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു.

കാസർഗോഡ് ജില്ലയിലുള്ള ബദിയടുക്ക ഗ്രാമപഞ്ചായത്ത് **2005** ൽ നടപ്പിലാക്കിയിട്ടുള്ള ഒരു കുടിവെള്ള വിതരണ പദ്ധതിയാണ് യെനിയാർപ്പു കുടിവെള്ള പദ്ധതി. ഏകദേശം **200** ഓളം ആൾക്കാർക്ക് കുടിവെള്ളം ലഭിക്കുന്ന പദ്ധതിയായ ഇതിന് കൺസ്യൂമർ നമ്പർ **1168187013528** ആയി **LT 1 A** താരിഫിൽ ലൈസൻസിയായ **KSEBL** കണക്ഷൻ നൽകിയിരുന്നു. ഈ കണക്ഷൻ ആദ്യം ബദിയടുക്ക സെക്ഷന്റെ കീഴിലായിരുന്നുവെങ്കിലും സെക്ഷൻ വിഭജനത്തിന്റെ ഭാഗമായി സീതാംഗോളി ഇലക്ട്രിക്കൽ സെക്ഷൻ നിലവിൽ വന്നപ്പോൾ അതിന്റെ കീഴിലായി. പഞ്ചായത്ത് നടപ്പിലാക്കിയ ഈ പദ്ധതിയുടെ കറന്റ് ചാർജ് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി പഞ്ചായത്ത് തന്നെ അടച്ചു വരികയായിരുന്നു. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്താണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള **Provisional Invoice Card** ന്റെ കോപ്പി സമർപ്പിക്കുകയുണ്ടായി. പിന്നീട് ഏണിയാർപ്പ് കുടിവെള്ള വിതരണ പദ്ധതിയ്ക്കായി ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും **2010** ൽ ഈ പദ്ധതി ആ സമിതിയ്ക്ക് കൈമാറുകയും ചെയ്തു എന്നാണ് പരാതിക്കാരൻ സ്ഥാപിക്കുന്നത്. ഇപ്പോൾ ഈ സർവീസ് കണക്ഷൻ **B .M** .ഇബ്രാഹിം , സെക്രട്ടറി , ഏണിയാർപ്പ് ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ സ്കീം എന്ന പേരിലാണുള്ളത് എന്ന് എതിർകക്ഷി അറിയിച്ചിരിക്കുന്നു.

പദ്ധതി ഗുണഭോക്തൃ സമിതിയ്ക്ക് പദ്ധതി ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് മുൻപ് **06/2006** മുതൽ **07/2008** വരെയുള്ള കാലയളവിൽ കറന്റ് ചാർജ് യഥാസമയം അടച്ചിരുന്നില്ല എന്നും അങ്ങനെ പലിശയുൾപ്പെടെ **13,00,890/-** കുടിശ്ശിക വരുകയും അത് അടയ്ക്കുന്നതിന് വേണ്ടി പഞ്ചായത്തിന് ലൈസൻസി നോട്ടീസ് നൽകുകയും ചെയ്തു. കറന്റ് ചാർജ് യഥാസമയം അടച്ചിരുന്നു എന്നും **2010** ൽ ഗുണഭോക്തൃ സമിതിയ്ക്ക്

കൈമാറ്റം ചെയ്യുമ്പോൾ കുടിശ്ശിക ഒന്നും ഉണ്ടായിരുന്നില്ല എന്നും പരാതിക്കാരൻ വാദിക്കുമ്പോഴും ഇവ അടച്ചിരുന്നു എന്ന് കാണിക്കുന്നതിനുള്ള ഒരു രേഖയും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ കറന്റ് ചാർജ് അടച്ചിരുന്നു എന്ന വാദം നിലനില്ക്കുന്നതല്ല.

**18** വർഷങ്ങൾക്കുശേഷം മറ്റു വിശദംശങ്ങൾ ഒന്നും തന്നെയില്ലാതെ നൽകിയ ബിൽ സ്വീകാര്യമല്ലെന്നും അതിനാൽ അത് അടയ്ക്കാൻ ബാധ്യതയില്ലെന്നും പഞ്ചായത്ത് വാദിക്കുന്നു. ലൈസൻസി **08/2024** ൽ നോട്ടീസ് നൽകിയ ശേഷം കണക്ഷൻ വിഛേദിക്കുകയും ജില്ലാ കളക്ടർ ഇടപ്പെട്ട് കണക്ഷൻ പുനഃ സ്ഥാപിക്കുകയും ചെയ്തു. **06/2006** മുതൽ **07/2008** വരെ പഞ്ചായത്ത് കറന്റ് ചാർജ് കുടിശ്ശിക വരുത്തിയിരുന്നുവെങ്കിലും ഒരു കുടിവെള്ള പദ്ധതിയായതിനാൽ ലൈസൻസി കണക്ഷൻ വിഛേദിച്ചില്ല എന്നതാണ് എതിർകക്ഷിയുടെ വാദം. എന്നാൽ ഇവിടെ വളരെ പ്രധാനപ്പെട്ട ചോദ്യം ഉയരുന്നു. **06/2006** മുതൽ **07/2008** വരെയുണ്ടായിരുന്ന കുടിശ്ശിക പിരിച്ചെടുക്കാൻ പിന്നീട് ശ്രമം നടത്തിയിരുന്നോ ? പഞ്ചായത്തിന് യഥാസമയം നോട്ടീസ് നൽകിയിരുന്നോ ? **The Electricty Act 2003** ലെ സെക്ഷൻ **56** പ്രകാരം കറന്റ് ചാർജ് കുടിശ്ശിക വരുത്തിയാൽ ലൈസൻസിയ്ക്ക് കണക്ഷൻ വിഛേദിക്കാനുള്ള അധികാരം നൽകുന്നു.

***Section 56. Disconnection of supply in default of payment:***

***(1)*** *Where any person neglects to pay any charge for electricity or any sum other than a charge for electricity due from him to a licensee or the generating company in respect of supply, transmission or distribution or wheeling of electricity to him, the licensee or the generating company may, after giving not less than fifteen clear days' notice in writing, to such person and without prejudice to his rights to recover such charge or other sum by suit, cut off the supply of electricity and for that purpose cut or disconnect any electric supply line or other works being the property of such licensee or the generating company through which electricity may have been supplied, transmitted, distributed or wheeled and may discontinue the supply until such charge or other sum, together with any expenses incurred by him in cutting off and reconnecting the supply, are paid, but no longer: Provided that the supply of electricity shall not be cut off if such person deposits, under protest, -*

***(a)*** *an amount equal to the sum claimed from him, or*

***(b)*** *the electricity charges due from him for each month calculated on the basis of average charge for electricity paid by him during the preceding six months, whichever is less, pending disposal of any dispute between him and the licensee.*

***(2)*** *Notwithstanding anything contained in any other law for the time being in force, no sum due from any consumer, under this section shall be recoverable after the period of two years from the date when such sum became first due unless such sum has been shown continuously as recoverable as arrear of charges for electricity supplied and the licensee shall not cut off the supply of the electricity.*

ഈ നിയമ പ്രകാരം രണ്ട് വർഷത്തിന് മേലുള്ള കുടിശ്ശികകൾ ലൈസൻസി ബില്ലുകളിൽ തുടർച്ചയായി കുടിശ്ശികയായി കാണിച്ചിട്ടില്ലെങ്കിൽ അത് ഈടാക്കാൻ അവകാശമില്ല എന്ന് പ്രസ്താവിച്ചിരിക്കുന്നു. **07/2008** വരെയുണ്ടായിട്ടുള്ള കുടിശ്ശിക **2024** ൽ നോട്ടീസ് നൽകുന്നതിന് മുൻപ് എപ്പോഴെങ്കിലും ഉപഭോക്താവിനെ അറിയിച്ചിട്ടുണ്ടോ/നോട്ടീസ് നൽകിയിട്ടുണ്ടോ എന്നതിന് ശരിയായ ഉത്തരം നല്കാൻ എതിർകക്ഷിയ്ക്ക് കഴിഞ്ഞിട്ടില്ല. **07/2008** ന് ശേഷം നൽകിയ ബില്ലുകളിൽ ഇത് തുടർച്ചയായി കുടിശ്ശികയാണെന്ന് സൂചിപ്പിച്ചിട്ടുണ്ടോ? എന്നതിനും ഒരു തെളിവും ഹാജരാക്കാൻ എതിർകക്ഷിയ്ക്കു കഴിഞ്ഞിട്ടില്ല. അങ്ങനെ വരുമ്പോൾ **18** വർഷത്തിന് ശേഷമാണ് പഞ്ചായത്തിന് നോട്ടീസ് നൽകുന്നത് എന്നവാദം അംഗീകരിക്കേണ്ടി വരുന്നു. അങ്ങനെ വരുമ്പോൾ **Section 56(2)** പ്രകാരം ലൈസൻസി നൽകിയ **demand notice** ന് സാധുതയുണ്ടോ?

ഇവിടെ പഞ്ചായത്ത് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചാണ് കറന്റ് ചാർജ് അടച്ചിരുന്നത്. പഞ്ചായത്ത് നൽകിയിട്ടുള്ള **Provisional Invoice Card** ൽ ചിലത് പരിശോധിച്ചപ്പോൾ **06/2006** മുതൽ **07/2008** വരെയുള്ള കാലയളവിലും ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചതായി കാണാം. അതിനാൽ ഈ തുക അടയ്ക്കാൻ പഞ്ചായത്ത് ബാധ്യസ്ഥരാണ്. എന്നാൽ ലൈസൻസി യഥാസമയം കുടിശ്ശികയ്ക്ക് നോട്ടീസ് നൽകുകയോ അത് പിരിച്ചെടുക്കാനുള്ള ശ്രമം നടത്തിയതായോ കാണുന്നില്ല. **Supply Code 2014** ൽ നിഷ്കർഷിച്ചിട്ടുള്ള നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. അതിനാൽ തന്നെ പലിശ അടയ്ക്കാൻ പഞ്ചായത്ത് ബാധ്യസ്ഥരല്ല.

**06/2006,06/2007,12/2007** എന്നീ മാസങ്ങളിൽ ഉയർന്ന ഉപഭോഗം രേഖപ്പെടുത്തി എന്ന പരാതിക്കാരന്റെ വാദം പരിശോധിക്കുകയുണ്ടായി മുൻമാസങ്ങളിൽ റീഡിംഗ് എടുക്കാൻ കഴിയാത്തതിനാൽ ഉപഭോഗം ഇല്ലാത്തതിനാൽ **FC** മാത്രമേ ഈടാക്കിയിരുന്നുള്ളു. അതിനാൽ പിന്നീടുള്ള റീഡിംഗിൽ ആകെ ഉപഭോഗം കാണിക്കുകയും ചെയ്തു എന്നുള്ളതാണ്. ഈ കേസ് വിശദമായി പരിശോധിച്ചതിൽ നിന്നും പലിശ ഒഴിവാക്കിയുള്ള കുടിശ്ശിക തുക മാത്രമേ ഗ്രാമപഞ്ചായത്തിന് അടയ്ക്കാൻ ബാധ്യതയുള്ളു.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരിയുടേയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) പലിശ ഒഴികെയുള്ള കുടിശ്ശികത്തുകയായ **Rs.2,62,814/-** അടയ്ക്കാൻ ബദിയടുക്ക ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥരാണ്.
2) ലൈസൻസി പലിശ ഒഴിവാക്കിയുള്ള തുകയ്ക്ക് **demand notice** നൽകുക.
3) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/032/2025/** തീയതി: **09/07/2025.**

**അയക്കുന്നത്:**

1. സെക്രട്ടറി, ബദിയടുക്ക ഗ്രാമപഞ്ചായത്ത്, പെർഡാല പി.ഓ, കാസർകോട് (ജില്ല)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കാസർകോട്(ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, ഗാന്ധിറോഡ്, കോഴിക്കോട് - 673032